## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3135 28.01.2014 - ൽ മറുപടിക്ക്**

## വല്ലാർപാടം - പൊന്നാനി - കോഴിക്കോട് തീരദേശ പാതയുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം - പൊന്നാനി - കോഴിക്കോട് തീരദേശ പാതയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും ; | (എ) വല്ലാർപാടം - പൊന്നാനി - കോഴിക്കോട് തീരദേശ പാതയുടെ മലപ്പുറം ജില്ലയിലെ ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കിലോമീറ്ററിന്റെ മാത്രം നിർമ്മാണ പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നത്. ഈ ഭാഗത്തിന്റെ നിർമ്മാണം മാർച്ചിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റു ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായാൽ മാത്രമേ അനന്തര നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത പണിയുടെ പൂർത്തീകരണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ; | (ബി) വല്ലാർപാടം - പൊന്നാനി - കോഴിക്കോട് തീരദേശ പാതയുടെ പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള നിർമ്മാണ ചുമതല ആർ. ബി. ഡി. സി. കെ - യ്ക്കാണ്. |
| (സി) ഈ റോഡിനോട് അനുബന്ധമായി നിർമ്മിക്കുന്ന അഴീക്കോട് മുനമ്പം പാലത്തിന്റെ പണികൾ ആരംഭിച്ചിട്ടുണ്ടോ ? | (സി) സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പാലത്തിന്റെ പണികൾ ആരംഭിക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**